5. സ്റ്റിഗ്മോമാനോമീറ്റർ കാലിബ്രേഷൻ യൂണിറ്റ്:

ആരോഗ്യമേഖലയിലെ മെട്രോളജിക്കൽ ഉപകരണങ്ങളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനായി ഇന്ത്യയിൽ ആദ്യമായി സ്റ്റിഗ്മോമാനോമീറ്റർ (ബി.പി. അപ്പാരറ്റസ്)-ന്റെ കാലിബ്രേഷൻ കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നതിന് മുന്നോടിയായി ഇതിനായുള്ള വെരിഫിക്കേഷൻ യൂണിറ്റ് ലീഗൽ മെട്രോളജിയുടെ എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ 16 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചു.

6. എക്സ്.ആർ.എഫ്.മെഷീൻ:

സ്വർണ്ണാഭരണങ്ങളിലെ സ്വർണ്ണത്തിന്റെ പരിശുദ്ധി പരിശോധിക്കുന്ന വകുപ്പിന്റെ ഗോൾഡ് പ്യൂരിറ്റി ടെസ്റ്റിംഗ് ലാബിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എക്സ്.ആർ.എഫ്. (എക്സറേ ഫ്ളൂറസെന്റ് സ്പെക്ട്രോമീറ്റർ) 50 ലക്ഷം രൂപ ചെലവിൽ സ്ഥാപിച്ചു. സ്വർണ്ണ ഉണമേന്മ ലാബിൽ ഫയർ അസേ മെതേഡിലും XRF മെഷീൻവഴിയും സ്വർണ്ണത്തിന്റെ പരിശുദ്ധി അളക്കുന്നു.

7. അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ ഹൈ ആക്കുറസി വർക്കിംഗ് സ്റ്റാൻഡേർഡ് ത്രാസുകൾ കീഴ് ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്.

താലൂക്ക്തലത്തിൽ വകുപ്പിന്റെ ലാബുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

വിലവിവര പട്ടിക പ്രദർശനം

96 (2591) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നത് കർശനമാക്കിയിട്ടുണ്ടോ ;

(ബി) വിലവിവര പട്ടിക പ്രദർശനത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾ ഉൾപ്പെടെയുള്ള കച്ചവട സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം ശിക്ഷകളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഇ) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുക, ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്നും വിമുക്തമാക്കുക, ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കുന്നത് തടയുക മുതലായവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

(സി &ഡി) ഹോട്ടലുകളിലും കച്ചവട സ്ഥാപനങ്ങളിലും വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ പരിശോധനനടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്സ്) ഓർഡർ എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഭക്ഷണസാധനങ്ങളുടെ വില പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പാലിക്കാത്ത ഹോട്ടൽ ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ/സംസ്ഥാനതലങ്ങളിൽ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കെതിരെ ജില്ലാകളക്ടർ നോട്ടീസ് നൽകുകയും നിയമപരമായ നടപടി സ്വീകരിച്ച് പിഴ ഈടാക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly